മീനച്ചിലാറിന്റെ മലിനീകരണം തടയുന്നതിനും ശുദ്ധജല സംരക്ഷണത്തിനുമുള്ള പദ്ധതി

59 (3268) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനച്ചിലാറിന്റെ മലിനീകരണം തടയുന്നതിനും ശുദ്ധജല സംരക്ഷണത്തിനും വേണ്ടിയുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ജലസംരക്ഷണത്തിന്റെ ഭാഗമായി മീനച്ചലാറ്റിൽ തടയണ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ മീനച്ചിലാറിലേക്ക് നേരിട്ടും അല്ലാതെയും മലിനജലമൊഴുകുന്ന പ്രധാന മലിനീകരണ ഉറവിടങ്ങളായ വ്യവസായശാലകളേയും ആശുപത്രികളേയും ജല (മലിനീകരണ നിയന്ത്രണ) നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് അവയിൽ ഉണ്ടാകുന്ന പാഴ്ജലം ശുദ്ധീകരിച്ച ശേഷം പുഴയിലേക്ക് നേരിട്ടും അല്ലാതെയും മാത്രമേ ഒഴുകുന്നുള്ളുവെന്ന് ഉറപ്പാക്കാനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൈമാറിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പാലാ മുനിസിപ്പാലിറ്റിയിൽ കടപ്പാട്ടൂരിൽ മീനച്ചിലാറിന് കുറുകെ ഒരു ചെക്കുഡാം-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി 13-10-2004-ലെ സർക്കാർ ഉത്തരവ് (ആർടി.) 3913/2004 റവന്യൂ വകുപ്പ് പ്രകാരം നൽകിയിട്ടുണ്ട്. ചെത്തിമറ്റം ഭാഗത്ത് ഒരു ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി 195 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, മീനച്ചൽ ആറിൽ 5 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് 149 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും റവന്യൂ വകുപ്പിലെ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ചെയ്യുന്നതിനായി തയ്യാറാക്കി വരുന്നു.

പുഴയോര സംരക്ഷണം

60 (3269) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം കേരളത്തിലെ പുഴയോരങ്ങൾ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly